# 1999-ലെ 12-ാം ആക്റ്റ്

# 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റ് *

## കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും അവർ അന്യാധീന പ്പെടുത്തിയ ഭൂമിയുടെ കൈവശം പുനഃസ്ഥാപിച്ചു നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്ന

## ഒരു

## ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും അവർ അന്യാധീനപ്പെടുത്തിയ ഭൂമിയുടെ കൈവശം പുനഃസ്ഥാപിച്ചു നൽകുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

**1.** ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1986 ജനുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

**2.** നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ചിടത്തോളം "തക്ക അധികാരസ്ഥൻ" എന്നാൽ പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാകളക്ടർ എന്നോ അഥവാ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ തക്ക അധികാരസ്ഥനായ സർക്കാർ നിയമിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

---

* 1999 മാർച്ച് 9-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1999 മാർച്ച് 9-ാം തീയതിയിലെ 488-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) "ഭൂമി" എന്നാൽ ഏതെങ്കിലും കൃഷിഭൂമി എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് "റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അധികാരപരിധിയുള്ള റവന്യൂ ഡിവിഷണൽ ഓഫീസർ എന്നോ അഥവാ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഈ ആക്റ്റ് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ ചുമതലകൾ നിർവ്വഹിക്കാനായി സർക്കാർ നിയമിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ എന്നോ അർത്ഥമാകുന്നു;

(ഇ) "പട്ടികവർഗ്ഗക്കാർ" എന്നാൽ 1950-ലെ ഭരണഘടന (പട്ടികവർഗ്ഗക്കാർ) ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള സംസ്ഥാനത്തെ സംബന്ധിക്കുന്ന ഏതെങ്കിലും പട്ടികവർഗ്ഗക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "സംസ്ഥാനം"എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ജി) "കൈമാറ്റം" എന്നാൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും ആൾ, തന്റെ ഉടമസ്ഥാവകാശത്തിലും കൈവശത്തിലുമുള്ള ഭൂമി, വിൽപ്പനയോ ഒറ്റിയോ പാട്ടമോ ഇഷ്ടദാനമോ ആയി പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഒരാളുടെ പേരിലേക്ക് നടത്തുന്ന കൈമാറ്റം എന്നർത്ഥമാകുന്നതും അതിൽ 'വിളപണയവും' 'ഉണ്ടുരുത്തിയും' ഉൾപ്പെടുന്നതുമാകുന്നു;

<u>വിശദീകരണം</u>.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി,—

(i) "വിളപണയം" എന്നാൽ പ്രതിഫലം നൽകിയോ അല്ലാതെയോ ഉള്ള വിളകളുടെ പണയം എന്നർത്ഥമാകുന്നു;

(ii) "ഉണ്ടുരുത്തി" എന്നാൽ ഒരു നിർദ്ദിഷ്ട കാലയളവിലേക്ക് ഒരു നിർദ്ദിഷ്ട വിലയ്ക്ക് ഏതെങ്കിലും ഭൂമിയിൽ നിന്നും ലഭ്യമാകുന്നതോ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നതോ ആയ ആദായമെടുക്കുന്നതിനുള്ള അവകാശം വിട്ടുകൊടുക്കുക എന്നർത്ഥമാകുന്നു.

**3.** <u>ഒഴിവാക്കലുകൾ</u>.—ഈ ആക്റ്റിലുള്ള യാതൊന്നും തന്നെ,—

(എ) അഡ്മിനിസ്ട്രേറ്റർ ജനറലോ ഒഫിഷ്യൽ ട്രസ്റ്റിയോ ഒഫിഷ്യൽ റിസീവറോ നൽകിയ ഏതെങ്കിലും ഭൂമിയുടെ പാട്ടത്തിനോ; അഥവാ

(ബി) സർക്കാരിൽ നിന്ന് ഏതെങ്കിലും വായ്പയോ മറ്റു സഹായമോ ലഭിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും അംഗം സർക്കാരിന് ജാമ്യമായി നൽകുന്ന ഏതെങ്കിലും ഭൂമിയുടെ ഒറ്റിക്കോ, ഈടിനോ, പണയത്തിനോ; അഥവാ

(സി) പട്ടികവർഗ്ഗത്തിലെ ഏതെങ്കിലും അംഗം, **1969**-ലെ കേരള സഹകരണസംഘം ആക്റ്റ് (**1969**-ലെ **12**) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സഹകരണ സംഘത്തിനോ, ഒരു കോർപ്പറേഷനോ ഒരു ദേശസാൽകൃത ബാങ്കിനോ, ഒരു സ്വകാര്യ ഏജൻസിയോ ഒരു പണം കടംകൊടുപ്പുകാരനോ അല്ലാത്ത മറ്റ് ഏതെങ്കിലും ധനകാര്യ ഏജൻസിയോ പ്രസ്തുത സംഘമോ, കോർപ്പറേഷനോ, ബാങ്കോ മറ്റ് ഏജൻസിയോ നൽകിയ ഏതെങ്കിലും വായ്പയ്ക്ക് ജാമ്യമായി നൽകുന്ന ഏതെങ്കിലും ഭൂമിയുടെ ഒറ്റിക്കോ, ഈടിനോ, പണയത്തിനോ,

ബാധകമാകുന്നതല്ല.

**4.** കൈമാറ്റത്തിനുള്ള നിയന്ത്രണം.—മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കരാറിലോ, നാട്ടാചാരത്തിലോ, മാമൂലിലോ, ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പട്ടികവർഗ്ഗത്തിലെ ഒരംഗം, ഈ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, തന്റെ കൈവശത്തിലോ അനുഭവത്തിലോ ഉടമസ്ഥതയിലോ ഉള്ള ഭൂമിയുടെ, തക്ക അധികാരസ്ഥന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുവാദം കൂടാതെ പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് നടത്തുന്ന, ഏതൊരു കൈമാറ്റവും അസാധുവായിരിക്കുന്നതാണ്.

**5.** ചില കൈമാറ്റങ്ങൾ അസാധുവായിരിക്കുന്നതാണെന്ന്.—(**1**) തൽസമയം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിലോ നാട്ടാചാരത്തിലോ, മാമൂലിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ, വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടിക വർഗ്ഗത്തിലെ, ഒരംഗം തന്റെ കൈവശത്തിലോ അനുഭവത്തിലോ ഉടമസ്ഥതയിലോ ഉള്ള ഭൂമിയുടെ **1960** ജനുവരി **1**-ാം തീയതിയിലോ അതിനുശേഷമോ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ, പട്ടിക വർഗ്ഗത്തിലെ അംഗമല്ലാത്ത ഏതെങ്കിലും ആളിന് നടത്തിയ ഏതൊരു കൈമാറ്റവും അസാധുവായി കരുതപ്പെടേണ്ടതാണ്:

എന്നാൽ പട്ടികവർഗ്ഗത്തിലെ ഒരംഗം, പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് മേൽപ്പറഞ്ഞ കാലയളവിൽ നടത്തിയ തന്റെ കൈവശത്തിലോ അനുഭവത്തിലോ, ഉടമസ്ഥതയിലോ ഉള്ള രണ്ടു ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമിയുടെ

ഏതൊരു കൈമാറ്റത്തെയും ഈ വകുപ്പിലെ യാതൊന്നും അസാധുവാക്കിത്തീർക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മറ്റധികാരിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അപ്രകാരമുള്ള കൈമാറ്റത്തിലുൾപ്പെട്ട ഭൂമി കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സംഗതികളിൽ അത് കൈമാറ്റം വാങ്ങിയ ആളിന്, രണ്ടു ഹെക്ടർ വരെ വിസ്തീർണ്ണമുള്ള പ്രസ്തുത ഭൂമി കൈവശം വെയ്ക്കാൻ അവകാശമുണ്ടായിരിക്കുന്നതും റവന്യൂ ഡിവിഷണൽ ആഫീസർ, ഉത്തരവുമൂലവും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അതിന്റെ അതിർത്തി നിർണ്ണയിക്കേണ്ടതുമാണ്.

6. <u>ഭൂമി അനുവദിച്ചു നല്കൽ.</u>—5-ാം വകുപ്പിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ മറ്റധികാരിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, 1960 ജനുവരി 1-ാം തീയതിക്കും 1986 ജനുവരി 24-ാം തീയതിക്കും ഇടയ്ക്ക് പട്ടികവർഗ്ഗത്തിലെ ഒരംഗം തന്റെ കൈവശത്തിലോ അനുഭവത്തിലോ ഉടമസ്ഥതയിലോ ഉണ്ടായിരുന്ന ഭൂമി പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് കൈമാറ്റം ചെയ്യുകയും 1975-ലെ കേരള പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്റ്റിലെ (1975-ലെ 31) 6-ാം വകുപ്പിൻകീഴിൽ അവകാശം പുനഃസ്ഥാപിച്ചു കിട്ടുവാനുള്ള അപേക്ഷ, ഈ ആക്റ്റ് ഗസറ്റിൽ പരസ്യം ചെയ്യുന്നതിനുമുമ്പ് കൊടുത്തിരിക്കുകയും, എന്നാൽ, അതിന്റെ കൈവശമോ, അനുഭവമോ അയാൾക്ക് പുനഃസ്ഥാപിച്ചു കൊടുക്കാതിരിക്കുകയും അത്തരം കൈമാറ്റം 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം സാധുതയുള്ളതാകുകയും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അത് കൈമാറ്റം വാങ്ങിയ ആൾ പ്രസ്തുത ഭൂമി കൈവശം വയ്ക്കാൻ അർഹനാക്കപ്പെടുകയും ചെയ്താലും, തുല്യവിസ്തീർണ്ണമുള്ള ഭൂമി സർക്കാരിൽ നിന്ന് അനുവദിച്ച് അവകാശം പുനഃസ്ഥാപിച്ചുകിട്ടുവാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, അപ്രകാരം അനുവദിച്ച അവകാശം പുനഃസ്ഥാപിച്ചു കിട്ടുവാൻ അർഹതയുള്ള ഭൂമിയുയെ വിസ്തീർണ്ണം നാൽപ്പത് ആറിൽ കുറവുള്ള സംഗതിയിൽ, മൊത്തം വിസ്തീർണ്ണം നാൽപ്പത് ആറിന് (ഒരു ഏക്കറിന്) തുല്യമാവുന്നതിലേക്ക് ആവശ്യമുള്ളത്രയും ഭൂമി കൂടി സർക്കാർ അനുവദിച്ചു നൽകേണ്ടതാണ്.

7. <u>ഭൂമി തിരികെ കൈമാറ്റം ചെയ്യൽ.</u>—(1) 4-ാം വകുപ്പ് പ്രകാരമോ 5-ാം വകുപ്പ് പ്രകാരമോ അസാധുവായ ഒരു ഭൂമി കൈമാറ്റം നിമിത്തം പട്ടിക വർഗ്ഗത്തിലെ ഒരംഗത്തിന് പ്രസ്തുത ഭൂമിയുടെ കൈവശമോ അനുഭവമോ നഷ്ടപ്പെട്ടിരിക്കുകയോ

നഷ്ടപ്പെടുകയോ ചെയ്യുന്നപക്ഷം, അയാൾക്ക്, അതതു സംഗതിപോലെ, അങ്ങിനെയുള്ള കൈവശമോ അനുഭവമോ പുനഃസ്ഥാപിച്ചുകിട്ടുവാൻ അവകാശ മുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഏതെങ്കിലും ഭൂമിയുടെ കൈവശമോ അനുഭവമോ പുനഃസ്ഥാപിച്ചുകിട്ടുന്നതിന് അർഹതയുള്ള ഏതെങ്കിലും ആളോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളോ റവന്യൂ ഡിവിഷണൽ ആഫീസറുടെ മുമ്പാകെ വാക്കാലോ രേഖാമൂലമോ, ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ ഒരു വർഷത്തിനകമോ അല്ലെങ്കിൽ ഗസറ്റിൽ പരസ്യംമൂലം സർക്കാർ നിർദ്ദേശിക്കാവുന്ന കൂടുതൽ സമയത്തിനകമോ,—

(എ) അങ്ങനെയുള്ള കൈമാറ്റം നടത്തിയത് ഈ ആക്റ്റ് നടപ്പിൽ വന്ന തീയതിക്കു മുമ്പാണെങ്കിൽ, അതതുസംഗതിപോലെ, അപ്രകാരമുള്ള ഭൂമിയുടെ കൈവശാവകാശമോ അനുഭവാവകാശമോ, പുനഃസ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടിയോ; അഥവാ

(ബി) അപ്രകാരമുള്ള കൈമാറ്റം ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിയിലോ അതിനുശേഷമോ ആണ് നടത്തിയിട്ടുള്ളതെങ്കിൽ, അതതുസംഗതിപോലെ, ആ ഭൂമിയുടെ കൈവശാവകാശമോ അനുഭവമോ പുനഃസ്ഥാപിച്ച് കിട്ടുന്നതിനും, അങ്ങനെ കൈമാറ്റം വാങ്ങിയ ആളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും വേണ്ടിയോ;

അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ റവന്യൂ ഡിവിഷണൽ ആഫീസർ, ആ അപേക്ഷയെ സംബന്ധിച്ച് ആവശ്യമായ അന്വേഷണങ്ങൾ നടത്തുകയോ നടത്താനിടയാക്കുകയോ ചെയ്യേണ്ടതും, അപേക്ഷകനോ അഥവാ ആർക്കുവേണ്ടിയാണോ അപേക്ഷ ബോധിപ്പിച്ചിരിക്കുന്നത് അയാൾക്കോ, അതതുസംഗതിപോലെ, അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ഭൂമിയുടെ കൈവശാവകാശമോ അനുഭവമോ പുനഃസ്ഥാപിച്ചു കിട്ടുന്നതിന് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം, അദ്ദേഹത്തിന് ഉത്തരവുമൂലം, അപ്രകാരമുള്ള ഭൂമി ആരുടെ കൈവശത്തിലോ അനുഭവത്തിലോ ആണോ, ആ ആളിനോട് അതിൻമേലുള്ള കൈവശാവകാശം അപേക്ഷകനോ അഥവാ ആർക്കുവേണ്ടിയാണോ അപേക്ഷ ബോധിപ്പിച്ചത് അയാൾക്കോ കൈവശം വിട്ടുകൊടുക്കണമെന്നോ, അല്ലെങ്കിൽ, അതതുസംഗതിപോലെ, ആ ഭൂമി അയാൾ അനുഭവിക്കുന്നതിന് അനുവദിക്കണമെന്നോ നിർദ്ദേശിക്കേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരമുള്ള യാതൊരു ഉത്തരവും, ഭൂമി കൈവശം വച്ചിരിക്കുകയോ അനുഭവിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ആളിന് അത് സംബന്ധിച്ച് തനിക്ക് പറയാനുള്ളതു പറയാൻ ന്യായമായ ഒരവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

**(4)** **(3)**-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും അത് ആരെ ഉദ്ദേശിച്ചാണോ പുറപ്പെടുവിച്ചിട്ടുള്ളത് ആ ആളിന്,—

(എ) നേരിട്ട് നൽകിയോ, നൽകാനായി ഏൽപ്പിച്ചോ; അഥവാ

(ബി) ആ ആളിന് നൽകാനോ നൽകാനായി ഏൽപ്പിക്കാനോ സാധിക്കാത്തപക്ഷം, അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ആ ആളിന്റെ കുടുംബത്തിലെ ഏതെങ്കിലും പ്രായപൂർത്തിയായ അംഗത്തിനോ നൽകിയോ നൽകാനായി ഏൽപ്പിച്ചോ അല്ലെങ്കിൽ അതിന്റെ ഒരു പകർപ്പ് പ്രസ്തുത ആൾ അവസാനമായി താമസിച്ചിരുന്നതോ അഥവാ വ്യാപാരം നടത്തിവന്നിരുന്നതോ അഥവാ ലാഭം ഉണ്ടാക്കാനായി നേരിട്ട് ജോലി ചെയ്തിരുന്നതോ ആയി അറിയപ്പെടുന്നതായ സ്ഥലത്തിന്റെ പുറം വാതിലിലോ, അഥവാ എല്ലാവർക്കും കാണത്തക്ക മറ്റ് ഏതെങ്കിലും ഭാഗത്തോ പതിക്കുകയോ ചെയ്തോ; അഥവാ

(സി) ഇതിൽ ഏതെങ്കിലും വിധത്തിൽ നൽകാൻ സാധിച്ചില്ലെങ്കിൽ രജിസ്ററർ തപാൽ മുഖേനയോ;

നൽകേണ്ടതാണ്.

**(5)** **(3)**-ാം ഉപവകുപ്പ് പ്രകാരമോ അല്ലെങ്കിൽ **5**-ാം വകുപ്പ് **(2)**-ാം ഉപവകുപ്പുപ്രകാരമോ ഉള്ള റവന്യൂ ഡിവിഷണൽ ആഫീസറുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളും, ഉത്തരവുനൽകിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം തക്ക അധികാരസ്ഥന്റെ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, പ്രസ്തുത അപ്പീലിൻമേലുള്ള തക്ക അധികാരസ്ഥന്റെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ഏതൊരു നീതിന്യായ കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

**(6)** **(3)**-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവ് അനുസരിച്ചിട്ടില്ലാതിരിക്കുകയും,

(എ) അപ്പീലിന് അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഒരു അപ്പീൽ ബോധിപ്പിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുകയോ; അഥവാ

(ബി) അപ്പീൽ ബോധിപ്പിക്കപ്പെടുകയും അത് തള്ളിക്കളഞ്ഞിരിക്കുകയും ചെയ്തിട്ടുള്ള സംഗതിയിലോ; റവന്യൂ ഡിവിഷണൽ ആഫീസർ, ഏത് ഭൂമിയെ

സംബന്ധിച്ചാണോ ഉത്തരവ് ബാധകമായിരിക്കുന്നത് ആ ഭൂമി, ആവശ്യമുള്ളപക്ഷം അത് വിട്ടുകൊടുക്കാൻ വിസമ്മതിക്കുന്ന ഏതൊരാളെയും ഒഴിപ്പിച്ചുമാറ്റി, കൈമാറ്റം ചെയ്ത ആളിന്റെ കൈവശത്തിലോ അഥവാ അനുഭവത്തിലോ വിട്ടുകൊടുക്കുവാൻ ഇടയാക്കേണ്ടതാണ്.

**8.** തുക നൽകാനുള്ള ബാദ്ധ്യത.—**(1)** തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പട്ടികവർഗ്ഗത്തിലെ ഒരംഗത്തിന് ഏതെങ്കിലും ഭൂമിയുടെ കൈവശമോ, അനുഭവമോ, ഈ ആക്റ്റ് പ്രകാരം പുനഃസ്ഥാപിച്ചുനൽകുന്നിടത്ത് ആ അംഗം കൈമാറ്റം ചെയ്ത സമയം പ്രതിഫലമായി വാങ്ങിയ യാഥാർത്ഥ തുകയും, കൈമാറ്റത്തിനുശേഷവും, അപ്രകാരം തിരിച്ചു നൽകുന്നതിനു മുൻപും, ചെയ്തിട്ടുള്ള ദേഹണ്ഡം ഏതെങ്കിലും ഉണ്ടെങ്കിൽ അതിന് തക്ക അധികാരസ്ഥാനം നിശ്ചയിച്ചിട്ടുള്ള തുകയും കൂടി, അതതുസംഗതിപോലെ കൈവശമോ, അനുഭവാവകാശമോ ആരിൽനിന്നാണോ തിരിച്ചെടുത്തിട്ടുള്ളത് അയാൾക്ക്, ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് നൽകേണ്ടതാണ്:

എന്നാൽ കൈമാറ്റം ഈ ആക്റ്റ് നടപ്പിൽ വന്നപ്പോഴോ അതിനു ശേഷമോ ആണ് നടത്തിയിട്ടുള്ളതെങ്കിൽ യാതൊരു തുകയും നൽകേണ്ടതില്ല.

**(2)** **(1)**-ാം ഉപവകുപ്പുപ്രകാരം തക്ക അധികാരസ്ഥൻ നിർണ്ണയിച്ച തുക അന്തിമമായിരിക്കുന്നതും അത് ഏതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

**(3)** **(1)**-ാം ഉപവകുപ്പു പ്രകാരം നൽകേണ്ട തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വസൂലാക്കേണ്ടതാണ്.

**9.** പണം നൽകുന്നതിനുവേണ്ടി സർക്കാർ സഹായധനം നൽകണമെന്ന്.— സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി, **8**-ാം വകുപ്പു പ്രകാരമുള്ള തുക നൽകാൻ ബാദ്ധ്യസ്ഥരായ പട്ടികവർഗ്ഗത്തിലെ അർഹതയുള്ള അംഗങ്ങൾക്ക് ഗ്രാൻറുകൾ നൽകേണ്ടതാണ്.

**10.** ഭൂമി പതിച്ചു കൊടുക്കൽ.—**(1)** **(1)** **6**-ാം വകുപ്പിലോ, **1960**-ലെ കേരള ഗവൺമെൻറ് ഭൂമി പതിച്ചു കൊടുക്കൽ ആക്റ്റിലോ **(1960-ലെ 30)** അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ ഈ ആക്റ്റ് ഗസററിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ടു വർഷക്കാലയളവിനകമോ അല്ലെങ്കിൽ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിർദ്ദേശിക്കാവുന്ന അധിക കാലയളവിനകമോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, സംസ്ഥാനത്തെ പട്ടികവർഗ്ഗത്തിലെ ഭൂരഹിത കുടുംബങ്ങൾക്ക്, അവർ താമസിക്കുന്ന ജില്ലയിൽ

നാൽപ്പത് ആർ വിസ്തീർണ്ണത്തിൽ കവിയാതെയുള്ളത്രയും ഭൂമി പതിച്ചുനൽകേണ്ടതാണ്.

(2) സംസ്ഥാനത്തിലെ പട്ടികവർഗ്ഗത്തിലെ ഏതെങ്കിലും കുടുംബത്തിന്റെ കൈവശത്തിലും അനുഭവത്തിലും ഭൂമിയുടെ വിസ്തീർണ്ണം നാൽപത് ആറിൽ കുറവുള്ള സംഗതിയിൽ, അപ്രകാരമുള്ള കുടുംബത്തിന് മൊത്തം വിസ്തീർണ്ണം നാൽപത് ആറിന് തുല്യമാവുന്നതിലേക്ക് ആവശ്യമുള്ളത്ര ഭൂമി കൂടി പതിച്ചു കിട്ടാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

11. <u>പട്ടികവർഗ്ഗ പുനരധിവാസ ക്ഷേമനിധിയുടെ രൂപീകരണവും നിധിയുടെ ഉപയോഗവും</u>.—(1) സർക്കാരിന് "പട്ടികവർഗ്ഗ പുനരധിവാസവും ക്ഷേമവും നിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കാവുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ അതിന്റെ ഭരണനിർവ്വഹണം നടത്തേണ്ടതുമാണ്.

(2) സർക്കാർ, ചട്ടങ്ങളാലോ അതിൻകീഴിൽ ഉണ്ടാക്കിയ പദ്ധതികൾ പ്രകാരമോ, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനും മറ്റു ക്ഷേമകാര്യങ്ങൾക്കും വേണ്ടി നിധി ഉപയോഗപ്പെടുത്തേണ്ടതാണ്:

എന്നാൽ, ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് മുൻഗണന നൽകണ്ടതാണ്.

12. <u>കുറ്റങ്ങളും ശിക്ഷകളും</u>.—ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുമ്പോഴോ അതിന് ശേഷമോ 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും ഭൂമി കൈമാറ്റം ചെയ്ത് വാങ്ങുന്ന ഏതൊരാളെയും ഒരു വർഷക്കാലയളവുവരെ ആകാവുന്ന കഠിന തടവോ അല്ലെങ്കിൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴയോ നൽകി ശിക്ഷിക്കാവുന്നതാണ്.

13. <u>കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ</u>.—(1) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി വിചാരണ ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിൻകീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യാനായി മാത്രം സർക്കാരിന് ഒന്നോ ഒന്നിലധികമോ പ്രത്യേക കോടതികൾ രൂപീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുമ്പോഴോ അതിനുശേഷമോ, 4-ാം വകുപ്പിനു വിരുദ്ധമായി ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ, റവന്യൂ ഡിവിഷണൽ ഓഫീസർ, അതതു സംഗതിപോലെ, തക്ക അധികാരപരിധിയുള്ള മജിസ്ട്രേട്ട് മുൻപാകെയോ, പ്രത്യേക കോടതി മുൻപാകെയോ, ഈ ആക്റ്റിൻകീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനായി ഒരു പരാതി ബോധിപ്പിക്കേണ്ടതാണ്.

14. പട്ടികവർഗ്ഗക്കാർക്കെതിരായി ക്രിമിനൽ നടപടി നിയമം X-ാം അദ്ധ്യായ പ്രകാരം നടപടി എടുക്കുന്നതിനുള്ള വിലക്ക്.—പട്ടികവർഗ്ഗത്തിലെ ഒരംഗമാണെന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, അഥവാ അയാൾക്കുവേണ്ടി മററേതെങ്കിലും ആളോ ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും ഭൂമിയുടെ കൈവശമോ അനുഭവമോ തിരിച്ചു കിട്ടണമെന്ന് റവന്യൂ ഡിവിഷണൽ ആഫീസർ മുൻപാകെ അപേക്ഷ ബോധിപ്പിക്കുന്നപക്ഷം, തൽസമയം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അയാളും, പ്രസ്തുത ഭൂമിയുടെ കൈവശമോ അനുഭവമോ ഉള്ള ആളാണെന്ന് അവകാശപ്പെടുന്ന മറ്റേതെങ്കിലും ആളും തമ്മിലുള്ള ഏതെങ്കിലും തർക്കം സംബന്ധിച്ച്, 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) X-ാം അദ്ധ്യായ പ്രകാരം, ഏതൊരു മജിസ്ട്രേറ്റിനും അധികാരപരിധിയുണ്ടായിരിക്കുന്നതല്ല.

15. തക്ക അധികാരസ്ഥന്റെയും റവന്യൂ ഡിവിഷണൽ ആഫീസറുടെയും അധികാരങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള അന്വേഷണ വിചാരണ നടത്തുമ്പോൾ തക്ക അധികാരസ്ഥനും, റവന്യൂ ഡിവിഷണൽ ആഫീസർക്കും, 1908-ലെ സിവിൽ നടപടി നിയമം (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ വിളിച്ചു വരുത്തുന്നതിനും, ഹാജരാകാൻ നിർബന്ധിക്കുന്നതിനും, അയാളെ സത്യവാചകം ചൊല്ലി വിസ്തരിക്കുന്നതിനും;

(ബി)ഏതെങ്കിലും രേഖ കണ്ടുപിടിച്ച് ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതിനും;

(സി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യങ്ങൾക്കും.

(2) തക്ക അധികാരസ്ഥന്റെയും റവന്യൂ ഡിവിഷണൽ ആഫീസറുടെയും ഈ ആക്റ്റ് പ്രകാരമുള്ള തീരുമാനങ്ങൾക്ക്, ഒരു സിവിൽ കോടതിയുടെ ഒരു ഡിക്രി എന്നപോലെ, പ്രാബല്യം ഉണ്ടായിരിക്കുന്നതും ആ തീരുമാനങ്ങൾ, ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തിൻമേൽ അധികാര പരിധിയുള്ള, സിവിൽ കോടതി മുഖേന നടപ്പിലാക്കി എടുക്കേണ്ടതുമാണ്.

16. നിയമ സഹായം.—തക്ക അധികാരസ്ഥന്റെയോ റവന്യൂ ഡിവിഷണൽ ആഫീസറുടെയോ ഉത്തരവുകൾ നടപ്പിലായി കിട്ടുന്നതിനുവേണ്ടി, പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് സർക്കാർ നിയമ സഹായം നൽകുന്നതാണ്.

17. വൈഷമ്യങ്ങൾ നീക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ, എന്തെങ്കിലും വൈഷമ്യങ്ങൾ

നേരിടുന്നപക്ഷം, സർക്കാരിന്, അപ്രകാരമുള്ള വൈഷമ്യങ്ങൾ നീക്കുന്നതിനാവശ്യമാണെന്നോ, യുക്തമാണെന്നോ തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ എന്തുകാര്യവും, ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതൊരുത്തരവും, ഈ ആക്റ്റ് ഗസറ്റ് വിജ്ഞാപനം ചെയ്ത് രണ്ടുവർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുണ്ടാക്കുന്ന ഏതൊരു ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേണനത്തിലായിരിക്കുമ്പോൾ, അതിന്റെ മുൻപാകെ ആകെ പതിനാല് ദിവസത്തേക്ക്-അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം- വയ്ക്കേണ്ടതും, അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ ആ ഉത്തരവിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ഉത്തരവ് ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ഉത്തരവിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ഉത്തരവു പ്രകാരം നേരത്തേ ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ഭംഗം വരുത്താത്തവിധത്തിലായിരിക്കേണ്ടതാണ്.

**18.** <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം</u>.— ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ, കുറ്റവിചാരണയോ മറ്റ് നിയമ നടപടിയോ ഏതൊരാൾക്കും എതിരായി നിലനിൽക്കുന്നതല്ല.

**19.** <u>മറ്റ് നിയമങ്ങളുടെ ഒഴിവാക്കൽ</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടിരിക്കുന്നിടത്തോളമൊഴികെ, ഇതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യം നിയന്ത്രിക്കുന്ന, തത്സമയം പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങൾക്ക് പുറമേയും അവയ്ക്ക് ഭംഗം വരാത്ത രീതിയിലായിരിക്കുന്നതുമാണ്.

**20.** <u>സിവിൽ കോടതികളുടെ അധികാരിതയ്ക്ക് തടസം</u>.—ഈ ആക്റ്റ് പ്രകാരമോ, അതിൻ കീഴിലോ തക്ക അധികാരസ്ഥനോ, റവന്യൂ ഡിവിഷണൽ ആഫീസറോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ, കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ, നിർണ്ണയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ

തീർപ്പാക്കുന്നതിനോ, തീരുമാനിക്കുന്നതിനോ, കൈകാര്യം ചെയ്യുന്നതിനോ, നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

**21.** ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാരിന് ഗസറ്റു വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാക ആകെ പതിനാലു ദിവസത്തേക്ക്-അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാം-വയ്ക്കേണ്ടതും, അപ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

**22.** റദ്ദാക്കലും ഒഴിവാക്കലും.—(1) 1975-ലെ കേരള പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്റ്റ് (1975-ലെ 31) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) പ്രസ്തുത ആക്റ്റിന്റെ റദ്ദാക്കൽ എന്തുതന്നെയായിരുന്നാലും റവന്യൂ ഡിവിഷണൽ ആഫീസറോ, തക്ക അധികാരസ്ഥനോ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ഈ ആക്റ്റിലെ തത്തുല്യമായ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയതായി പരിഗണിക്കേണ്ടതും, അതിനെ അതിലംഘിച്ചുകൊണ്ട് ഈ ആക്റ്റിൻ കീഴിൽ എന്തെങ്കിലും ചെയ്യുകയോ, ഏതെങ്കിലും നടപടിയെടുക്കുകയോ ചെയ്യുന്നതുവരെ പ്രാബല്യത്തിലിരിക്കുന്നതുമാണ്. പ്രസ്തുത ആക്റ്റിന്റെ 14-ാം വകുപ്പ് പ്രകാരം കോടതി മുൻപാകെ തീർപ്പാകാതെ കിടക്കുന്ന ഒരു പരാതിയിൻമേലുള്ള എല്ലാ നടപടിക്രമങ്ങളും, ഈ ആക്റ്റിലെ തത്തുല്യമായ വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങളായി കണക്കാക്കേണ്ടതും അപ്രകാരം തുടരേണ്ടതുമാണ്.

…………………...